ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം


# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.07.2026**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ വിദേശ പര്യടനത്തിന് തുടക്കമായി. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ രാഷ്ട്രപതി മാൾഡോവയിൽ എത്തും.
2. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു.
3. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ശ്രമങ്ങൾ തുടരുകയാണെന്ന് മന്ത്രി സണ്ണി ജോസഫ്. അധിക വൈദ്യുതി വാങ്ങി പ്രതിസന്ധി മറികടക്കുമെന്നും മന്ത്രി.
4. പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്കാലത്തിനു തുടക്കമായി. മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം നിർവഹിച്ചു.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ചു വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൻറെ കലാശപ്പോരാട്ടത്തിൽ ഇന്ന് അർജൻറീനയും -സ്പെയിനും ഏറ്റുമുട്ടും. ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യൻ താരം പി.വി. സിന്ധുവിന്.

&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## രാഷ്ട്രപതി- വിദേശപര്യടനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ വിദേശ പര്യടനത്തിന് തുടക്കമായി. ഈ മാസം 25 വരെ മാൾഡോവ, നോർത്ത് മാസിഡോണിയ, റൊമാനിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ രാഷ്ട്രപതി മാൾഡോവയിൽ എത്തും. യൂറോപ്പുമായുള്ള ഇന്ത്യയുടെ വിപുലമായ സഹകരണത്തിനും യൂറോപ്യൻ യൂണിയനുമായുള്ള തന്ത്രപ്രധാന പങ്കാളിത്തത്തിനും സന്ദർശനം കൂടുതൽ കരുത്തുപകരുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## പാർലമെൻറ് - സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗം പാർലമെന്റ് സമുച്ചയത്തിൽ ആരംഭിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിലാണ് യോഗം ചേരുന്നത്. കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു, കേന്ദ്ര മന്ത്രി ജെ പി നഡ്ഡ എന്നിവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. സർവ്വകക്ഷി യോഗം ആരംഭിച്ചതിന് തൊട്ടുപിന്നാലെ, പ്രതിപക്ഷ പാർട്ടികൾ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയിരുന്നു. യോഗത്തിൽ പങ്കെടുക്കുന്ന നാഷണലിസ്റ്റ് സിറ്റിസൺസ് പാർട്ടി ഓഫ് ഇന്ത്യ അംഗീകൃത പാർലമെന്ററി പാർട്ടി അല്ലെന്നും അവർ ആരോപിച്ചു. എന്നാൽ പ്രതിഷേധം രേഖപ്പെടുത്തിയതിന് ശേഷം കോൺഗ്രസ് എം.പി ജയറാം രമേശ്, സി.പി.ഐ.എം നേതാവ് ജോൺ ബ്രിട്ടാസ് എന്നിവരുൾപ്പെടെയുള്ള പ്രതിപക്ഷ അംഗങ്ങൾ നിലവിൽ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക - തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. കരട് പട്ടിക ജൂലൈ 21 നും അന്തിമ പട്ടിക ഓഗസ്റ്റ്

RNU TVPM

19 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥൻ അറിയിച്ചു. 2026 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ്സ് തികഞ്ഞവർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാവുന്നതാണ്.

പേര് ചേർക്കുന്നതിനായി www.sec.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&&&&&&&&&&

**വോട്ടർ പട്ടിക എറണാകുളം (ഇൻട്രോ)**

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി എറണാകുളം ജില്ലയിൽ നാല് വാർഡുകളിലാണ് വോട്ടർപട്ടിക പുതുക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ പി.....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&&&&&&

**സെൻസസ്**

RNUTVPM

സെൻസസ് 2027-ന്റെ ഭാഗമായുള്ള വിവരശേഖരണം കേരളത്തിൽ പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

&&&&&&&&&&&&&&&&&&&&&&&&&&&

**ദേശീയ ചലച്ചിത്ര പുരസ്കാരം (ഇൻട്രോ)**

ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ തിളങ്ങി മലയാള സിനിമ. മികച്ച നടനുള്ള ദേശീയ പുരസ്കാരം നാലാം തവണയാണ് മമ്മൂട്ടിക്ക് ലഭിക്കുന്നത്. മികച്ച മലയാള സിനിമയ്ക്കുള്ള പുരസ്കാരം ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമയ്ക്ക് ലഭിച്ചു. ഭ്രമയുഗത്തിലൂടെ മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരം ഷഹനാദ് ജലാൽ നേടി. അജയൻറെ രണ്ടാം മോഷണം എന്ന ചിത്രത്തിലെ

'അങ്ങ് വാന കോണില്' എന്ന ഗാനത്തിലൂടെ വൈക്കം വിജയലക്ഷ്മി മികച്ച ഗായികയായി. പുരസ്കാര ജേതാക്കളെ മുഖ്യമന്ത്രി വി ഡി സതീശൻ അഭിനന്ദിച്ചു. അവാർഡു ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് പുരസ്കാര ജേതാവ് വൈക്കം വിജയലക്ഷ്മി ആകാശവാണി വാർത്തകളോട് പറഞ്ഞു. (ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

## മന്ത്രി സണ്ണി ജോസഫ്

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ശ്രമങ്ങൾ തുടരുകയാണെന്ന് മന്ത്രി സണ്ണി ജോസഫ്. അധിക വൈദ്യുതി വാങ്ങി പ്രതിസന്ധി മറികടക്കും. പകൽ സമയവും വൈദ്യുതി ഉത്പാദിപ്പിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഫുട്ബോൾ ഫൈനലിൻറെ പശ്ചാത്തലത്തിൽ ഇന്ന് വൈദ്യുതി നിയന്ത്രണം ഉണ്ടാകില്ലെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## ആറന്മുള വള്ളസദ്യ

ആറന്മുള പാർഥസാരഥിക്ഷേത്രത്തിലെ പ്രസിദ്ധമായ ആറന്മുള വഴിപാടു വള്ളസദ്യക്കാലത്തിനു തുടക്കമായി. മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം നിർവഹിച്ചു. ആറന്മുള പള്ളിയോട സേവാ സംഘത്തിൻ്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റേയും നേതൃത്വത്തിൽ സെപ്റ്റംബർ 16 വരെ സദ്യകൾ നടക്കും. ഇതുവരെ 500 വള്ളസദ്യകളാണ് ബുക്കുചെയ്തിട്ടുള്ളത്. ഉതൃട്ടാതി ജലോത്സവം ആഗസ്റ്റ് 30ന് നടക്കും. സെപ്തംബർ 4 നാണ് അഷ്ടമിരോഹിണി സമൂഹ വള്ളസദ്യ.

&&&&&&&&&&&&&&&&&&&&&&&&&&&

## കോഴിക്കോട് (ഇൻട്രോ)

കോഴികോട് ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യ വകുപ്പ്. ആരോഗ്യ

PNU TVPM

പ്രവർത്തകരുടെ നേതൃത്വത്തിൽ 9,653 വീടുകൾ സന്ദർശിച്ച് പ്രതിരോധ നടപടികൾ ഉറപ്പാക്കി.
**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാപ്രതിനിധി നസീർ ബാബു.....**
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ അഞ്ചു വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വടക്കൻ കേരളത്തിനും സമീപ പ്രദേശങ്ങൾക്കും മുകളിലായി ചക്രവാത ചുഴി രൂപപ്പെട്ടതിനാൽ ഈ മാസം 22 വരെ മഴ തുടരുമെന്നും മുന്നറിയിപ്പുണ്ട്. ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&&&&&&&&

<u>ഫിഫ (ഇൻട്രോ)</u>

ഫിഫ ലോകകപ്പിൽ ഇന്ന് പുലർച്ചെ നടന്ന ലൂസേഴ്സ് ഫൈനലിന്റെ ആവേശപ്പോരാട്ടത്തിൽ ഫ്രാൻസിനെ തകർത്ത് ഇംഗ്ലണ്ടിന് മൂന്നാം സ്ഥാനം. നാലിനെതിരെ ആറ് ഗോളുകൾക്കാണ് ഇംഗ്ലണ്ട് വിജയം നേടിയത്. 1966-ൽ ലോകകിരീടം നേടിയ ശേഷം ലോകകപ്പ് ചരിത്രത്തിൽ ഇംഗ്ലണ്ടിന്റെ ആദ്യ മെഡലാണിത്.
ഒരു റിപ്പോർട്ട്....

<u>ഫിഫ (വോയ്സ്)</u>

ഫ്ലോറിഡയിൽ നടന്ന മത്സരത്തിൽ ആദ്യ പകുതിയിൽ സമ്പൂർണ്ണ ആധിപത്യം പുലർത്തിയ ഇംഗ്ലണ്ട് 4-0ന് മുന്നിലെത്തി. എന്നാൽ രണ്ടാം പകുതിയിൽ ഇംഗ്ലണ്ടിനെ ഞെട്ടിച്ച് ഫ്രാൻസ് തിരിച്ചടിച്ചു. അതും മൂന്ന് ഗോളുകൾ. വിട്ടു കൊടുക്കാൻ തയ്യാറാകാതെ തൊട്ട് പിന്നാലെ ലഭിച്ച പെനാൽറ്റിയിൽ ഇംഗ്ലണ്ട് വീണ്ടും ഗോൾ വല ചലിപ്പിച്ചു. ഇഞ്ചുറി ടൈമിൽ ഉസ്മാൻ

PNU TVPM

ഡെംബെലെ ഫ്രാൻസിൻ്റെ നാലാം ഗോൾ കണ്ടെത്തിയെങ്കിലും, ജൂഡ് ബെല്ലിംഗമ്മിന്റെ ആറാം ഗോളോടെ ഇംഗ്ലണ്ട് വിജയം ഉറപ്പിച്ചു. ഇംഗ്ലണ്ടിന് വേണ്ടി ബുകായോ സാക്ക ഹാട്രിക് നേടിയപ്പോൾ ഡെക്ലാൻ റൈസ്, എസ്രി കൊൻസ, ജൂഡ് ബെല്ലിങ്ങാംഎന്നിവർ ഓരോ ഗോൾ വീതം സ്വന്തമാക്കി. ഫ്രാൻസിനായി കിലിയൻ എംബപെ ഇരട്ട ഗോൾ നേടിയപ്പോൾ ബ്രാഡ്‌ലി ബാർകോളയും ഉസ്മാൻ ഡെംബലെയും ഓരോ ഗോളുകൾ വീതം നേടി. ഫ്രാൻസ് പരാജയപ്പെട്ടെങ്കിലും ഈ സീസണിലെ ഏറ്റവും വലിയ ഗോൾവേട്ടക്കാരിൽ എംബാപ്പെ ഒന്നാമതെത്തി. ഈ സീസണിൽ 10 ഗോളും ലോകകപ്പിൽ ആകെ 22 ഗോളുകളുമാണ് എംബാപെയുടെ നേട്ടം. അർജന്റീനയുടെ ലയണൽ മെസിയാണ് തൊട്ടുപിന്നിൽ.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&&&&&&&&

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോൾ കിരീട ജേതാക്കളെ അറിയാൻ ഇനി മണിക്കൂറുകൾ മാത്രം. അർജൻറീനയും സ്പെയിനും തമ്മിലുള്ള കലാശപോരാട്ടം ഇന്ന് ഇന്ത്യൻ സമയം രാത്രി 12.30 ന് നടക്കും. ഫുട്ബോൾ ഫൈനലിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്ക് നാളെ അവധി പ്രഖ്യാപിച്ചതായി വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## ബാഡ്മിൻറൺ - സിന്ധു

ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് കിരീടം ഇന്ത്യൻ താരം പി.വി. സിന്ധുവിന്. ജപ്പാൻറെ അകാനി യമാഗുച്ചിയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് സിന്ധുവിൻറെ നേട്ടം. ജപ്പാൻ ഓപ്പൺ കിരീടം നേടുന്ന ആദ്യ

RNUTVPM

ബാഡ്മിൻറൺ താരം എന്ന നേട്ടവും ഇതോടെ പി.വി സിന്ധുവിന് സ്വന്തമായി.

&&&&&&&&&&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ലോഡ്സിൽ നടക്കുന്ന ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം 3.30 നാണ് മത്സരം. ഓരോ മത്സരങ്ങൾ വീതം ജയിച്ച ഇരു ടീമുകൾക്കും പരമ്പര സ്വന്തമാക്കാൻ ഇന്നത്തെ അവസാന മത്സരം നിർണായകമാണ്.

&&&&&&&&&&&&&&&&&&&&&&&&&&&

## ബാങ്ക് ദേശസാൽക്കരണ ദിനം

ഇന്ത്യൻ സാമ്പത്തിക മേഖലയുടെ മുഖച്ഛായ മാറ്റിയ ബാങ്ക് ദേശസാൽക്കരണത്തിന്റെ ഓർമ്മ പുതുക്കി രാജ്യം ഇന്ന് ബാങ്ക് ദേശസാൽക്കരണ ദിനം ആചരിക്കുന്നു. 1969 ജൂലൈ 19-നാണ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്തെ പ്രമുഖരായ 14 സ്വകാര്യ ബാങ്കുകളെ ദേശസാൽക്കരിച്ചുകൊണ്ടുള്ള ചരിത്രപരമായ പ്രഖ്യാപനം നടത്തിയത്. പിന്നീട് 1980-ൽ 6 ബാങ്കുകൾ കൂടി ദേശസാൽക്കരിക്കപ്പെട്ടു. ഇന്ത്യൻ ബാങ്കിംഗ് ചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ തീരുമാനങ്ങളിലൊന്നായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&

RINU TVPM